## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **5471** **01.07.2014** ൽ മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിൽ അനധികൃത ക്വാറികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം. ചന്ദ്രൻ | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | പാലക്കാട് ജില്ലയിൽ അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇത്തരം എത്ര ക്വാറികൾക്കാണ് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | പാലക്കാട് ജില്ലയിൽ കഴിഞ്ഞ സാമ്പത്തിക വർഷം മൈനിംഗ് & ജിയോളജി വകുപ്പ് 17 കരിങ്കൽ ക്വാറികൾക്കും ഒരു ചെങ്കൽ ക്വാറിയ്ക്കും സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലാ കളക്ടർ 114 ക്വാറികൾക്ക് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്. |
| (സി) | ക്വാറി അപകടങ്ങളിൽ പാലക്കാട് ജില്ലയിൽ കഴിഞ്ഞ വർഷം എത്ര പേരാണ് മരണപ്പെട്ടിട്ടുള്ളതെന്നു വ്യക്തമാക്കാമോ; | (സി) | രണ്ടുപേർ മരിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | ക്വാറി അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെങ്കിലും നൂതന സംവിധാനങ്ങൾ ഏർപ്പെടുത്തിയി-ട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (ഡി) | ക്വാറിയിൽ അപകടങ്ങൾ കുറയ്ക്കുന്നതിനായി, ഖനന പെർമിറ്റ് അനുവദിക്കുന്നതിനു മുമ്പേ തന്നെ ഖനന സ്ഥലത്തിനു ചുറ്റും വേലി കെട്ടി സംരക്ഷിക്കുന്നതിനായി ക്വാറിയിങ് പെർമിറ്റ് ഉടമയിൽ നിന്നും മുദ്രപത്രത്തിൽ അഫിഡവിറ്റ് വാങ്ങിക്കുകയും ആയത് ക്വാറി പരിശോധന വേളയിൽ ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്. ക്വാറിയിൽ വെള്ളം കെട്ടികിടക്കുന്ന ഭാഗം കാണപ്പെട്ടാൽ ആയത് മൂലം അപകടങ്ങൾ സംഭവിക്കാതിരിക്കാൻ വേലികെട്ടി സംരക്ഷിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ക്വാറിയിലേയ്ക്ക് ഇറങ്ങുന്ന ഭാഗങ്ങളിലും ക്വാറിയോട് ചേർന്ന് ക്വാറിയിലേക്ക് പോകുന്ന റോഡുകൾ ഉള്ള ഭാഗങ്ങളിലും വേലി കെട്ടി വാഹനങ്ങൾ അപകടത്തിൽപെടാത്ത വിധം സംരക്ഷിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഉയരം കൂടിയ പ്രദേശങ്ങളിൽ ബഞ്ച് കട്ടിംഗ് മാതൃകയിലും അപകടങ്ങൾ വരാത്ത വിധം ചരിച്ചും ഖനനം നടത്തുവാൻ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ക്വാറി വേർതിരിച്ചറിയുന്നതിനായി ക്വാറിയുടെ പ്രവർത്തനാനുമതി സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയ ബോർഡ് സ്ഥാപിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ